# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 889 — 07.02.2013 ൽ മറുപടിയ്ക്ക്

# നദികളുടെ പുനരുദ്ധാരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നദികളുടെ പുനരുദ്ധാരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമുള്ള പദ്ധതി തയ്യാറാക്കി, അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(ബി) സംസ്ഥാനത്തെ ഏതെല്ലാം പ്രധാന നദികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ)&(ബി) ജലസ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കും ഫലപ്രദമായ ജലവിഭവ വിനിയോഗത്തിനുമായി നദീതട അടിസ്ഥാനത്തിൽ നദീതീരവികസനത്തിനായി ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനായി യഥാക്രമം 1222, 950, 807, 499 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) നദികളെ മാലിന്യമുക്തമാക്കുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ഫലപ്രദമായ വിനിയോഗത്തിനും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (സി) മാലിന്യലഘൂകരണം, പൊതുജനബോധവത്കരണം, നദീതീര വനവത്കരണം, മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം, നദീതീരസംരക്ഷണം, കൃഷിക്കാവശ്യമായ വെള്ളമെത്തിക്കൽ, മാലിന്യം പുഴയിൽ നിക്ഷേപിക്കുന്നത് തടയാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ വേലി നിർമ്മിക്കൽ, ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾ, കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കൽ, ജലസേചന ആവശ്യത്തിനുള്ള ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പണികൾ എന്നിവയ്ക്കാണ് ടി പദ്ധതിയിൽ മുൻഗണന നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ